"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. കെ. ശശിധരൻ-ന് എതിരായ അച്ചടക്ക നടപടി തീർപ്പാക്കിയും **OA 1457/2024** ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബുണലിന്റെ **12.12.2025** ലെ ഉത്തരവിലെ **Annexure A23** യുമായി ബന്ധപ്പെട്ട നിർദ്ദേശം പാലിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.**869/2026/LSGD** തീയതി,തിരുവനന്തപുരം, **08-04-2026**

---

പരാമർശം:-

1. കോട്ടയം ജില്ല ടൗൺ പ്ലാനറുടെ **09/04/2013** ലെ **C-186/13(1)** നമ്പർ കത്ത്.
2. ചീഫ് ടൗൺ പ്ലാനറുടെ **26/04/2013** ലെ സി**3-1375/2013** നമ്പർ കത്ത്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ **05.2.2015**-ലെ ഇ**21/4984/14**/സിഇ/തസ്വഭവ.
4. സ.ഉ.(സാധാ)നം.**1820/2015**/തസ്വഭവ. തീയതി, **18/06/2015**
5. സർക്കാരിന്റെ **26/06/2019** ലെ ഇപിബി**2/68/2015**/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. ശ്രീ. കെ.കെ. ശശിധരൻ **31/07/2019**-ൽ സമർപ്പിച്ച എതിർവാദ പത്രിക.
7. പഞ്ചായത്ത് ഡയറക്ടറുടെ **07/12/2022** ലെ **PAN/25329/2018-D5(DP)** നമ്പർ കത്ത്.
8. **OA 1457/2024**-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **12.12.2025**-ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ മുൻസിപ്പാലിറ്റി) പരിധിയിൽ പി.ഡബ്ല്യു.ഡി. റോഡിൽ നിന്നുള്ള ദൂരപരിധി പാലിക്കാതെ അനധികൃതമായി കെട്ടിട നിർമ്മാണം നടക്കുന്നതായി കാണിച്ച് ശ്രീ. അജി, ആലുംതറയിൽ എന്നയാൾ സമർപ്പിച്ച പരാതിയിന്മേൽ കോട്ടയം ടൗൺ പ്ലാനർ പരാമർശം(1) പ്രകാരം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് ചീഫ് ടൗൺ

പ്ലാനർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിപ്പോർട്ടിൽ ഏറ്റുമാനൂർ ജംഗ്ഷനിൽ നിന്നും പട്ടിത്താനം ഭാഗത്തേയ്ക്കുള്ള എം.സി. റോഡിൽ ഏറ്റുമാനൂർ ക്ഷേത്രത്തിന്റെ തെക്കു ഭാഗത്തായിട്ടാണ് നിർദ്ദിഷ്ട നിർമ്മാണം നടക്കുന്നതെന്നും കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും സ്ഥല പരിശോധനയിൽ കെ.പി.ബി.ആർ. ചട്ടം 28(1), 27(4), 27(8), 27(5), 38(2), 38(4), 104(5), 47 എന്നീ ചട്ടങ്ങൾ ലംഘിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിരുന്നു.

3. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദൂരപരിധി പാലിക്കാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് പെർമിറ്റ് നൽകിയതുവഴി പരാമർശ കാലയളവിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.കെ.കെ ശശിധരന്റെ ഭാഗത്തുനിന്നും ഗുരുതര വീഴ്ച ഉണ്ടായിട്ടുണ്ടെന്നു കണ്ട് ടിയാൻ 30.11.2012-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 59(ബി) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

4. കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (6) പ്രകാരം ശ്രീ. കെ.കെ. ശശിധരൻ സമർപ്പിച്ച മറുപടിയിൽ, നോട്ടീസിൽ പറഞ്ഞിരിക്കുന്ന കെട്ടിടം ഏതാണെന്നോ എവിടെയാണെന്നോ വ്യക്തമല്ലാത്ത സാഹചര്യത്തിൽ റിട്ടയർ ചെയ്ത് ഏഴ് വർഷം കഴിഞ്ഞ ശേഷമുള്ള കുറ്റാരോപണം സാമാന്യനീതിക്ക് നിരക്കാത്തതാണെന്നും പരാതിയിൽ പറയുന്ന കെട്ടിടം ഏതെന്നോ വസ്തുതാപരമെന്നോ അറിയണമെങ്കിൽ പെർമിറ്റും അംഗീകൃതപ്ലാനും ഉൾപ്പെടെ, നിലവിൽ മുനിസിപ്പാലിറ്റിയായ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട ഫയൽ നേരിട്ട് പരിശോധിക്കുന്നതിന് അവസരം ഉണ്ടാക്കിത്തരണമെന്നും ടി മറുപടി ഇടക്കാലമറുപടിയായി കണക്കാക്കി തന്റെ പേരിലുള്ള അച്ചടക്കനടപടി നിർത്തിവയ്ക്കണമെന്ന് അറിയിക്കുകയുണ്ടായി.

5. ശ്രീ. കെ.കെ. ശശിധരൻ സമർപ്പിച്ച എതിർവാദപത്രികയിൻമേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (7) അഭിപ്രായ റിപ്പോർട്ടിൽ, ശ്രീ. ശശിധരനെതിരെയുള്ള കാരണം കാണിയ്ക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള കെട്ടിടം ഏതാണെന്ന് വ്യക്തമാക്കിയിട്ടിയില്ലായെന്നുള്ള ടിയാന്റെ വാദം അംഗീകരിക്കാമെങ്കിലും ഏറ്റുമാനൂർ ജംഗ്ഷനിൽ നിന്നും പട്ടിത്താനം ഭാഗത്തേയ്ക്കുള്ള എം.സി.റോഡിൽ ഏറ്റുമാനൂർ ക്ഷേത്രത്തിന്റെ തെക്കുഭാഗത്തായിട്ടാണ് ടി കെട്ടിടനിർമ്മാണം നടന്നിട്ടുള്ളതെന്ന് കാരണം കാണിയ്ക്കൽ നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ടി കെട്ടിടം എവിടെയാണെന്ന് വ്യക്തമല്ലായെന്നുള്ള ടിയാന്റെ വാദം വസ്തുതാപരമല്ലെന്ന് അറിയിച്ചിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിക്കുന്നതിന് അവസരം ഉണ്ടാകുന്നതിന് ടിയാന് ഏറ്റുമാനൂർ നഗരസഭ സെക്രട്ടറിയെ സമീപിക്കാവുന്നതാണ് എന്നതിനാൽ ഫയൽ പരിശോധിക്കുന്നതിന് അവസരം ഉണ്ടാക്കിത്തരണമെന്ന വാദവും അംഗീകരിക്കേണ്ടതായി കാണുന്നില്ല എന്നും ടിയാന്റെ മറുപടി ഇടക്കാലമറുപടിയായി കണക്കാക്കി അച്ചടക്കനടപടിയിൽ തുടർനടപടി നിർത്തിവയ്ക്കണമെന്ന ടിയാന്റെ ആവശ്യം അനുഭാവപൂർവം പരിഗണിക്കാമെന്നും അഭിപ്രായപ്പെടുകയുണ്ടായി.

6.ശ്രീ. ശശിധരൻ കെ.കെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന **OA 1457/2024** ന്മേലുള്ള ബഹു. ട്രിബുണലിന്റെ പരാമർശം **(8)** ഉത്തരവിൽ 'ടിയാനെനെതിരെയുള്ള **Annexure A23** കാരണം കാണിക്കൽ നോട്ടീസ് പ്രകാരമുള്ള അച്ചടക്ക നടപടി രണ്ടു മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

7. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ **05/02/2026**-ൽ ശ്രീ. കെ.കെ. ശശിധരനെ സർക്കാർ തലത്തിൽ നേരിൽ കേട്ടിരുന്നു. കാരണംകാണിയ്ക്കൽ നോട്ടീസിനു നല്കിയ എതിർവാദപത്രികയിലെ കാര്യങ്ങൾ തന്നെ നേരിൽ കേട്ട വേളയിലും ടിയാൻ ആവർത്തിക്കുകയുണ്ടായി. ടിയാന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

- *26/06/2019ലെ ഇപിബി 68/2015നമ്പർ കാരണം കാണിക്കൽ നോട്ടീസിന് 31/07/2019ൽ ഞാൻ എതിർവാദ പത്രിക സമർപ്പിച്ചിരുന്നതാണ്. അതിൽ പ്രധാനമായി കെട്ടിടം ഏതാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നും ആയതിന്റെ ഫയൽ പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നുമായിരുന്നു ആവശ്യപ്പെട്ടിരുന്നത്.*
- *എന്നാൽ ആ കെട്ടിടം തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 06/02/2025ലെ പേഴ്സണൽ ഹിയറിംഗിനു ശേഷം 10/02/2025-ൽ വിശദമായ മറുപടി സമർപ്പിച്ചിരുന്നു. അതിൽ പറഞ്ഞിരുന്ന കാര്യങ്ങൾ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു.*
- *ശ്രീ. അജി, ആലുംതറയിൽ എന്നയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഉണ്ടായ കേസാണിത്. ഇതേ പരാതിയുടെ അടിസ്ഥാനത്തിൽ അന്നത്തെ ഓവർസിയർ ആയിരുന്ന ശ്രീ. ടി എ ഗോപാലനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. (ടി ഗോപാലന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ആ കെട്ടിടത്തിന് പെർമിറ്റ് നൽകിയത്.)*
- *ഇത് സംബന്ധമായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം കെട്ടിട നിർമ്മാണചട്ടങ്ങൾ പാലിച്ചു തന്നെയാണ് നിർമ്മാണാനുമതിക്ക് ശുപാർശ സമർപ്പിച്ചതെന്നും കെ.പി.ബി.ആർ. ന് വിരുദ്ധമായി ഗോപാലൻ പ്രവർത്തിച്ചതായി കാണുന്നില്ലെന്നും പ്രസ്താവിച്ചു. ഗോപാലൻ 15/03/2013 ൽ സ്ഥലം മാറിപ്പോയതിനാൽ അംഗീകൃത പ്ലാൻ പ്രകാരമാണോ നിർമ്മാണം നടക്കുന്നതെന്ന് പരിശോധിക്കാൻ കഴിയില്ലെന്ന*

*വാദവും ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. (അതിൽ പ്രകാരം ശ്രീ. ഗോപാലനെ സർവ്വീസിൽ തിരിച്ചെടുത്ത് എല്ലാ ആനുകൂല്യങ്ങളും വാങ്ങി ടിയാൻ റിട്ടയർ ചെയ്തിട്ടുള്ളതാണ്.)*

- *ഈ വസ്തുതകൾ പെർമിറ്റ് നൽകിയ എനിക്കും ബാധകമാണ്. ഗോപാലൻ സ്ഥലം മാറിപ്പോയതോടെ 15/03/2013നും മുൻപ് 30/11/2012ൽ റിട്ടയർ ചെയ്ത എനിക്ക് നിർമ്മാണ ഘട്ടം പരിശോധിക്കാൻ കഴിയില്ലെന്ന വസ്തുതയും കണക്കിലെടുക്കണം.*
- *ഈ സാഹചര്യത്തിൽ ഈ കേസിൽ എന്റെ മേലുള്ള ആരോപണം അവസാനിപ്പിച്ച് നടപടികൾ ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.*

8. പരാമർശ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അന്നത്തെ ഓവർസിയറായിരുന്ന ശ്രീ. ടി. എ. ഗോപാലനെ 1960-ലെ കെ.സി.എസ് (സിസി&എ)ചട്ടങ്ങളിലെ ചട്ടം 10(1)(എ)പ്രകാരം 07/06/2014-ൽ സർവീസിൽ നിന്നും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും പിന്നീട് അച്ചടക്കനടപടിക്ക് വിധേയമായി സർവീസിൽ പുനപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. കുറ്റാരോപണപത്രികക്ക് ടിയാൻ സമർപ്പിച്ച എതിർവാദപത്രികയിന്മേൽ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ ഉൾപ്പെടുത്തി അഭിപ്രായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

*പരാമർശ കെട്ടിടത്തിന് റോഡ് അതിർത്തിയിൽ നിന്നുള്ള ദൂരപരിധി 5 മീറ്റർ ശുപാർശ ചെയ്തിട്ടുള്ളത് ചട്ടം 28(1) പ്രകാരം മതിയാവുന്നതായി കാണുന്നു. 27(4) ൽ 10 മീറ്റർ ഉയരമുള്ള കെട്ടിടത്തിന് 2 മീറ്റർ പിന്നാമ്പുറം ആവശ്യമുള്ളടത്ത് 3 മീറ്റർ പിന്നാമ്പുറം നൽകിയിട്ടുണ്ട്. 27(8) ൽ മുൻവശം 5 മീറ്ററും ശുപാർശ ചെയ്തിട്ടുണ്ട്. 27(5) ൽ കെട്ടിടത്തിന്റെ ഇരുവശവും നൽകുന്ന തുറസ്സായ സ്ഥലത്തിന് ഒരു വശം അതിർത്തിപുരയിടത്തിൽ നിന്നും abut ചെയ്യുന്നതിനുള്ള അനുമതി വാങ്ങുകയും മറുവശം ഒരു മീറ്ററിൽ കുറയാതെ നൽകിയും ശുപാർശ ചെയ്തതായി കാണുന്നു. 38(2) ൽ പെർമിറ്റിന് ശുപാർശ ചെയ്ത പ്ലാനിൽ സെല്ലാർ ഫ്ളോർ മുഴുവനായും കാർ പാർക്കിംഗിനും, ടൂവീലർ പാർക്കിംഗിനുമായിട്ടാണ് ശുപാർശ ചെയ്തിട്ടുള്ളത്. 1000 $m^2$ ൽ താഴെ കാർപ്പറ്റ് ഏരിയ വരുന്ന വാണിജ്യകെട്ടിടത്തിന് 75 $m^2$ പാർക്കിംഗ് ആവശ്യമായിടത്ത് 106.40 $m^2$ പാർക്കിംഗിന് ശുപാർശ ചെയ്തിട്ടുണ്ട്. 104(5) ൽ ശാരീരിക അവശത ഉള്ളവർക്കായി പ്രവേശകവാടത്തിനടുത്ത് പാർക്കിംഗ് സൗകര്യം ശുപാർശ ചെയ്തിട്ടുണ്ട്. 47 ൽ Fire Escape stair case പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും Fire NOC യും, KSTP യിൽ നിന്നുള്ള NOC യും നേടിയിരിക്കണമെന്നും ശുപാർശ ചെയ്തതായും കാണുന്നു. ഇപ്രകാരം പരിശോധിച്ചതിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 നു വിരുദ്ധമായി പ്രവർത്തിച്ചതായി കാണുന്നില്ല. എന്നാൽ പെർമിറ്റ് നൽകി കെട്ടിട നിർമ്മാണം തുടങ്ങുന്നതിനു മുമ്പായി ടിയാൻ ഏറ്റുമാനൂർ ഓഫീസിൽ നിന്നും സ്ഥലം മാറി പോയിട്ടുള്ളതുമാണ്. സർവ്വീസ് രേഖകൾ പ്രകാരം മുൻകാലങ്ങളിലും*

*ടിയാൻ യാതൊരുവിധ ശിക്ഷാനടപടികൾക്കും വിധേയനായിട്ടില്ലാത്തതും സർവ്വീസിൽ നിന്നും ഉടനെ വിരമിക്കുവാൻ ഇരിക്കുന്ന വ്യക്തികൂടിയാണെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.*

**9.** പഞ്ചായത്ത് ഡയറക്ടറുടെയും ചീഫ് എഞ്ചിനീയറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ.എസ്.റ്റിപി. യുടെ അനുമതിയും ഫയർ എൻ.ഒ.സി. യും നേടണമെന്ന് ഓവർസിയറായ ശ്രീ. ഗോപാലൻ ശിപാർശ ചെയ്തതായാണ് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ അഭിപ്രായ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. കെ.എസ്.റ്റി.പി. യുടെ അനുമതി ലഭ്യമാക്കിയത് **04/04/2012**-ൽ ആണ്. ഫയർ എൻ.ഒ.സി. **15/03/2012**-ൽ ലഭ്യമാക്കിയിരുന്നു. എന്നാൽ കെ.എസ്.റ്റിപി. യുടെ അനുമതി ലഭ്യമാക്കുന്നതിന് മുമ്പ് **20/03/2012**-ൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചത് ശ്രീ. കെ.കെ. ശശിധരന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. കെ.പി.ബി.ആർ. ചട്ടങ്ങൾ പാലിച്ചു തന്നെയാണ് ഓവർസിയർ ആയിരുന്ന ശ്രീ. ടി.എ. ഗോപാലൻ കെട്ടിടനിർമ്മാണ അനുമതിയ്ക്ക് ശിപാർശ ചെയ്തിരുന്നതെന്ന ചീഫ് എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെയുള്ള അച്ചടക്ക നടപടിയിലെ തുടർനടപടികൾ ഒഴിവാക്കി പരാമർശം **(4)** പ്രകാരം തീർപ്പാക്കിയിട്ടുള്ളതാണ്. ശ്രീ. ഗോപാലൻ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറി പോകുന്നതിനു മുമ്പ് **30/11/2012**-ൽ ശ്രീ. കെ.കെ. ശശിധരൻ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ ശ്രീ. ഗോപാലനെതിരെയുള്ള അച്ചടക്ക നടപടിയിൽ ടിയാന് ലഭിച്ച ആനുകൂല്യത്തിന് ശ്രീ. ശശിധരനും അർഹതയുള്ളതായി കാണുന്നു.

**10.** മേൽ വസ്തുതകളുടെ വെളിച്ചത്തിൽ, കെ.എസ്.റ്റി.പി. യുടെ അനുമതി ലഭിക്കുന്നതിനു മുമ്പ് പെർമിറ്റ് നൽകിയെന്നത് ശ്രീ. കെ.കെ. ശശിധരന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെങ്കിലും, രണ്ടാഴ്ചയ്ക്കുള്ളിൽ തന്നെ കെ.എസ്.റ്റി.പി. യുടെ അനുമതിപത്രം ലഭ്യമായിട്ടുണ്ട് എന്നതും, കെ.പി.ബി.ആർ. ചട്ടങ്ങൾ പ്രകാരമുള്ള മറ്റ് നടപടി ക്രമങ്ങളെല്ലാം പാലിച്ചിട്ടുണ്ട് എന്നതും ഇതേ വിഷയവുമായി ബന്ധപ്പെട്ട് ഓവർസിയർ ആയിരുന്ന ശ്രീ. ടി.എ. ഗോപാലനെതിരെയുള്ള അച്ചടക്ക നടപടിയിലെ തുടർനടപടികൾ ഒഴിവാക്കി തീർപ്പാക്കിയിട്ടുണ്ട് എന്നത് പരിഗണിച്ചും കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന വിരമിച്ച ശ്രീ. കെ.കെ. ശശിധരനെതിരെ **KSR Part III, Rule 59(b)** പ്രകാരം പ്രതിമാസ പെൻഷനിൽ നിന്നും **500/-** രൂപ വീതം ആജീവനാന്തം കുറവു വരുത്തുവാനെടുത്ത പരാമർശം **(5)** ലെ താൽക്കാലിക തീരുമാനം ഒഴിവാക്കി തുടർനടപടികൾ അവസാനിപ്പിച്ച് ടിയാനെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**11.** ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA 1457/2024** മേലുള്ള

പരാമർശം (8) ഉത്തരവിലെ **Annexure A23** യുമായി ബന്ധപ്പെട്ട നിർദ്ദേശം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോൺ വി സാമുവൽ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. കെ.കെ. ശശിധരൻ, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം.
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം. (*ആമുഖ കത്ത് സഹിതം*).
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോട്ടയം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (*ഫയൽ നം. ഇപിബി2/68/2015/തസ്വഭവ.*)

ഉത്തരവിൻ പ്രകാരം
Signed by Riju M Das
Date: 10-04-2026 15:29:01
സെക്ഷൻ ഓഫീസർ